


# Sacred Heart Knanaya Catholic Mission

**TAMPA, FLORIDA**

Vol : 02 | Issue: 07 | March21st 2010




## താമ്പായിലെ ക്നാനായ കത്തോലിക്കരുടെ ദേവാലയസ്വപ്നം സാക്ഷാത്കരിച്ചു
















## Sacred Heart Knanaya Mission

**Director:**

**Fr.Abey Vadakkekkara,**

**5049 Bell Shoals Road, Valrico,**

**FL-33596 Ph– 813-446-9868**

**Holy Mass**

Sacred Heart Knanaya Catholic Church
3920 S Kings Ave
Brandon, FL-33511

### *Holy Mass Schedules*

Sunday-

10Am Malayalam Qurbana

11.30 Children's Holy Mass (English)

Monday & Saturday—8.15 AM

Tuesday to friday—6PM

### *Confession*

Friday : 5.PM

Saturday—Before and after the Holy Mass

### *Novena*

Saturdays - Our Lady of Perpetual Help

Fridays - St. Jude

### *Eucharistic Adoration*

Sundays & Thursdays after Malayalam Holy Mass

## CCD CORNER

It is planned to have a trip to the holy land exhibit in Orlando. The exact date and time will be announced later. We need volunteer parents to be chaperons . please sign up with Tresa theccantt if you can be chaperons .

### Church Collection

March 14 - $985

March 07 - $765

*Special thanks to Msgr. Abraham Mutholath who made us aware about the need for a church and took the initial steps during his visits to our mission as our first director .*

*Dear mutholathachen we thank for your efforts .*



## *Upcoming Events*

*March 28 - Hosanna Sunday*

*April 2 - Good Friday*

*April 4 - Easter Sunday*

*April 1st through 4th - Annual Retreat*

*April 5 through 9th - Youth retreat*

*April 17 Religious Education Festival and Mission Anniversary*

*May 9th – Mothers day*

*May 30th – Conclusion of Vanakkamasam*

*June 20th –Fathers day*

*June 27th – Feast of Sacred Heart*

*This bulletin and all the previous issues along with News bulletins from Chicago Sacred Heart Parish are published in*

**www.knanayaregion.us.**

*Direct link to the news bulletins is provided in*

**www.knanayavoice.com**



### March 21 Feast of St. Joseph

*St. Joseph, patron of the families intercede to the Lord for all the families of Tampa Knanaya Mission*

# Mission Director's Column

മിശിഹായിൽ സ്നേഹം നിറഞ്ഞവരെ

**"ദൈവസ്നേഹം വർണ്ണിക്കുവാൻ വാക്കുകൾ പോരാ നന്ദി ചെല്ലി തീർക്കുവാനായി ജീവിതം പോരാ..."**



നാളിതുവരെ തമ്പായിലെ നമ്മുടെ സമൂഹത്തെ ഒന്നിപ്പിച്ചിരുന്നത് നമ്മുടെ കമ്മ്യൂണിറ്റി സെന്റർ ആയിരുന്നു. ദൂരക്കാഴ്ചയോടു കൂടി ഒത്തിരി പ്രതിസന്ധികളുടെ നടുവിലും അതിലേക്കു നമ്മെ നയിച്ച നമ്മുടെ നേതാക്കന്മാരെ നന്ദിയോടെ ദൈവത്തിനു മുന്നിൽ ഓർക്കുന്നു. മറ്റു പല മിഷനുകളും ദിവ്യബലിക്കായി സ്ഥലങ്ങൾ അന്വേഷിച്ചു നടന്നുപോകുന്നു. ഞാൻ ഇവിടെ വന്ന നാൾ തുടങ്ങി ഇന്ത്യക്കു പുറത്ത് മറ്റൊരിടത്തും ഇല്ലാത്ത വലിയ അനുഗ്രഹം നമുക്കുണ്ടായി എല്ലാ ദിവസവും നമ്മുടെ കുടുംബങ്ങൾക്ക് വേണ്ടിയും എല്ലാവർക്കുവേണ്ടിയും ബലിയർപ്പിക്കാൻ സാധിച്ചത് നമ്മുടെ കമ്മ്യൂണിറ്റിസെന്റർ കൊണ്ടാണ്. ഞാൻ വന്നതിന്റെ അടുത്ത ദിവസം തുടങ്ങി .അനുദിന ബലിയർപ്പിക്കാനുള്ള സൗകര്യം ചെയ്തവരോട് പ്രത്യേകിച്ച് ബഹുമാനപ്പെട്ട അസ്സോസിയേഷൻ പ്രസിഡന്റ് ജോമിച്ചേട്ടനേയും ,മറ്റു ഭാരവാഹികളെയും ദൈവത്തിനു മുന്നിൽ നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ അമേരിക്കയിൽ നമുക്ക് തനതായ സഭാസംവിധാനങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടായ അവസരത്തിൽ ക്രൈസ്തവ വിശ്വാസത്തിൽ നമ്മളും, നമ്മുടെ കുഞ്ഞുങ്ങളും വളരുന്നതിനും ക്രൈസ്തവ സാക്ഷ്യവും പൂർവ്വികന്മാരുടെ പാരമ്പര്യവും സമൂഹത്തിൽ നല്കുന്നതിനും ദേവാലയവും വിശ്വാസ പരിശീലന സംവിധാനങ്ങളും അവശ്യമാണ് എന്ന് മനസ്സിലാക്കി പൊതുയോഗം എടുത്ത ഈ തീരുമാനങ്ങൾ കുറെ ആളുകളെയെങ്കിലും, വിഷമിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തു എന്ന് നമുക്കറിയാം. ഒരിക്കലും ആരേയും മനപൂർവ്വം വേദനിപ്പിക്കുന്നതിനോ മുറിവേലിപിക്കുന്നതിനോ ആരും തുനിഞ്ഞിട്ടില്ല. ഏതെങ്കിലും വാക്കുകളോ പ്രവർത്തികളോ ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ക്ഷമ ചോദിക്കുന്നു. നമ്മുടെ സമൂഹത്തിന്റെ ആവശ്യവും മിഷന്റെ നിയോഗവും നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി നാം ശ്രമിച്ചു, അതിൽ ഒരു പരിധിവരെ നാം എത്തിയിരിക്കുന്നു. ദൈവത്തിന് നന്ദി. നാം എല്ലാവരും ഒരു ജനമായി അൽത്താരയ്ക്കു ചുറ്റും അണി ചേരുമ്പോൾ മാത്രമേ ദൈവം സന്തോഷിക്കുകയുള്ളു, നമുക്കു സന്തോഷിക്കാൻ വകയുള്ളു എന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവമേ മാറ്റാൻ പറ്റുന്നതിനെ നിന്റെ മഹത്വത്തിനായി മാറ്റുന്നതിനും അതിനു സാധിക്കാത്തതിനെ സ്വീകരിക്കുന്നതിനുമുള്ള കൃപ ഞങ്ങൾക്കു നൽകേണമേ എന്ന് എല്ലാ ബലിയിലും ഞാൻ പ്രാർത്ഥിക്കുന്നു. നന്ദി നിറഞ്ഞ ഹൃദയത്തോടെയാണ് ഞാനീ വരികൾ കുറിക്കുന്നത്. അസാധ്യമെന്ന് പലപ്പോഴും കരുതിയ കാര്യം നല്ലവനായ ദൈവം സാധ്യമാക്കിയതിന് തമ്പുരാന് ഒരായിരം നന്ദി. ഇസ്രായേൽ ജനത്തെ വാഗ്ദാനത്തിന്റെ നാട്ടിലേക്കു നയിച്ചതുപോലെ ഈ അനർഘ നിമിഷത്തിലേക്ക് താമ്പായിലെ നമ്മുടെ കൊച്ചു സമൂഹത്തെയും നയിക്കുകയായിരുന്നു. അതിന് നമുക്കു പ്രതിനന്ദിയുള്ളവരാകാം.

ഇങ്ങനെ ഒരു അവസരം സാധ്യമാക്കുവാൻ താമ്പായിലെ എല്ലാകുടുംബങ്ങളും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ സഹകരിച്ചിട്ടുണ്ട്. എല്ലാവരേയും ദൈവസന്നിധിയിലോർത്തു പ്രാർത്ഥിക്കുന്ന എല്ലാവർക്കും എന്റെ ആകൈതവമായ നന്ദി. മിഷന്റെ ബിൽഡിംങ് കമ്മറ്റി അംഗങ്ങളെ പ്രത്യേകം സ്മരിക്കുന്നു. പല രാത്രികളിലും വളരെ തിരക്കേറിയ ജീവിതത്തിനിടയിലും പിരിവിനും ദേവാലയ സംബന്ധമായ കാര്യങ്ങൾക്കും സമയം കണ്ടെത്തിയ നിങ്ങളുടെ നല്ല മനസ്സും ത്യാഗ സന്നദ്ധതയുമാണ് ഈ ദേവാലയത്തിന്റെ സാക്ഷാത്കാരത്തിനു മുതൽ കൂട്ടായത്. ഒത്തിരി സഹോദരങ്ങൾ ഈ ദേവാലയത്തിനു വേണ്ടി തീഷ്ണമായി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. എല്ലാവർക്കും പ്രത്യേക നന്ദി.

അഭിവന്ദ്യ പിതാക്കന്മാരുടെ മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും .ബഹുമാനപ്പെട്ട മുത്തോലച്ചന്റെയും മറ്റു വൈദീകരുടെയും പ്രോത്സാഹനവും ഇങ്ങനെയൊരു ദേവാലയം സാധ്യമാകുന്നതിന് സഹായകമായി. ചിക്കാഗോയുടേയും താമ്പായുടേയും പാതയിൽ നമ്മുടെ അയൽപക്കമായ മയാമിയിലും, ഡിട്രോയിറ്റിലും, ഡാളസിലും ,ഹ്യൂസ്റ്റണിലും ,സാനോസയിലും ഒക്കെ ദേവാലയങ്ങൾ ഉണ്ടാകുന്നതിനുള്ള ശ്രമങ്ങൾ പൂവണിയാൻ പ്രാർത്ഥിക്കാം.

***" നിങ്ങൾ ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവാൻ ബാക്കി എല്ലാം അതിനോട് ചേർന്ന് നല്കപ്പെടും."***

**സ്നേഹത്തോടെ**

**എബിയച്ചൻ**

## മാർച്ച് 16-ാം തീയതി ദേവാലയത്തിൽ വച്ചു നടത്തിയ പ്രഥമ ദിവ്യബലിക്കുശേഷം നടന്ന അനുമോദന സമ്മേളനത്തിൽ നിന്ന്



ഇത്രമനോഹരമായ ദേവാലയം ചുരുങ്ങിയകാലംകൊണ്ട് സ്വന്തമാക്കുവാൻ സാധിച്ചു എന്നത് നിസ്സാരകാര്യമല്ല. ഇതിന് പിന്നിൽ പ്രവർത്തിച്ച എബി അച്ചനേയും നിങ്ങളേവരേയും പ്രത്യേകം അഭിനന്ദിക്കുന്നു. സാൻ ഹോസേയിൽ രണ്ടുംമൂന്നുമൊക്കെ മില്യനാണ് ഒരു ചെറിയ കെട്ടിടത്തിനുപോലും. ഇവിടെ വെറും എട്ടുലക്ഷത്തിന് ഇത്രയേറെ സൗകര്യങ്ങൾ ലഭ്യമായത് വലിയ കാര്യമാണ്. നിങ്ങൾക്ക് മിച്ചം കാശുണ്ടെങ്കിൽ ഞങ്ങളേയും സഹായിക്കുക ഞങ്ങളും കൂടെ പള്ളി മേടിക്കട്ടെ. അങ്ങാടിയാത്ത് പിതാവിനെ ഞാൻ പഠിപ്പിച്ചതാണ്. പിതാവ് നമ്മുടെ എല്ലാകാര്യത്തിലും വളരെ ശ്രദ്ധാലുവാണ്. പിതാവ് അറ്റ്ലാന്റായിൽ വച്ചു പറഞ്ഞു. നിങ്ങൾ പള്ളി മേടിക്കുവാണെങ്കിൽ ഇടവകയാക്കി തരാമെന്ന്. ഇടവകകളാകുന്നതിലൂടെ നമ്മൾക്ക് സാർവ്വത്രിക സഭയിലെ കൂട്ടായ്മയിൽ അസ്തിത്വമുണ്ടാവുകയാണ്. പല ഇടവകകളുണ്ടാകുമ്പോഴാണ് രൂപത ഉണ്ടാകുന്നത്. താമ്പായിലെ ഈ ദേവാലയ സ്ഥാപനം ക്നാനായ സമുദായത്തിന്റെ വളർച്ചയിലെ ഒരു നാഴികക്കല്ലാണ്. അതിന് വഴിയൊരുക്കിയ നിങ്ങളേവരേയും അഭിനന്ദിക്കുന്നു.

**മോൺ . ജേക്കബ് വെള്ളിയാൻ**



ക്നായി തൊമ്മൻ അങ്ങുതെളിച്ച ദീപശിഖ കെടാതെ സൂക്ഷിക്കാനുള്ള വലിയ കടമയാണ് നമ്മൾക്കുള്ളത്. താമ്പായിൽ പോയാലും ബന്ധങ്ങൾ വേർപിടാതോർക്കണമെപ്പോഴും. ഒരു വലിയ കാൽവെയ്പാണ് ഈ ദേവാലയം വാങ്ങുന്നതിലൂടെ സാധിച്ചിരിക്കുന്നത്. മയാമിയിലെ ക്നാനായ മിഷന്റെ പേരിൽ നിങ്ങളേവരേയും ഞങ്ങളുടെ അഭിനന്ദനം അറിയിക്കുന്നു. കുറച്ചുനാളായി എബി അച്ചനും കമ്മറ്റിക്കാരും ഇതിനുവേണ്ടിയുള്ള അശ്രാന്ത പരിശ്രമത്തിലായിരുന്നുവല്ലോ. മയാമിയിലും ദേവാലയം വാങ്ങുവാനുള്ള പരിശ്രമത്തിലാണ്. ഞങ്ങൾക്ക് നിങ്ങളുടെ പ്രാർത്ഥനയാണ് ശക്തി. നമ്മുടെ ബലഹീനതകളിൽ ശക്തി നൽകുന്നത് തമ്പുരാനാണ്. തമ്പുരാനോട് ചേർന്നുനിന്ന് ഇനിയും ദേവാലയം വളരണം. ആരെങ്കിലും ഏതെങ്കിലും തെറ്റിദ്ധാരണമൂലം പൂർണ്ണമായി സഹകരിക്കുന്നില്ലെങ്കിൽ അവരേയുംകൂടെ സഹകരണത്തിന്റെ പാതയിലേക്കു കൊണ്ടുവരാമുള്ള ഉത്തരവാദിത്വം നമുക്കുണ്ട്.

**ഫാ. സ്റ്റീഫൻ വെട്ടുവേലിൽ**



I was instrumental in starting the first Knanaya Association in August 14th 1976. I am extremely happy that we have a church of our own. Let this Church foster the unity in our community.

**ഫാ. ജെയിംസ് കുടിലിൽ**



ഞാൻ സെന്റ് ജോസഫ് സമൂഹത്തിലെ അംഗമാണ്. ബഹുമാനപ്പെട്ട വെള്ളിയാനച്ചന്റെ സഹോദരീയുമാണ്. കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരന്റെ പണി നിഷ്ഫലമാകും. ഇന്ന് ഇവിടെ വരാനും നിങ്ങളുടെ സന്തോഷത്തിൽ പങ്കെടുക്കാനുമൊക്കെ സാധിച്ചതിൽ ഒത്തിരി സന്തോഷിക്കുന്നു.

**സി.. ഡെന്നീസ് എസ്.ജെ.സി.**

# *Sacred Heart Knanaya Catholic Mission Tampa, Florida*



കഴിഞ്ഞ രണ്ടു വർഷമായി നിങ്ങളോടു സഹകരിച്ചു പ്രവർത്തിക്കാൻ ലഭിച്ച അവസരം ഒരു വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. നഗര സംസ്കാരം, നാഗരീക സംസ്കാരം എന്നൊക്കെ പറയാറുണ്ട്. ഇവിടെ പുതിയ ഒരു ദേവാലയ സംസ്കാരം ആരംഭിക്കുകയാണ്. ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുണ്ടാകുമ്പോൾ തമ്പുരാന്റെ മുമ്പിൽവന്നു പരാതി പറയാനും ദുഃഖത്തിന്റെ കെട്ടുകൾ തമ്പുരാന്റെ മുമ്പിലഴിച്ചുവയ്ക്കാനും നിങ്ങൾക്കു സാധിക്കണം. അതിനുള്ള സഹാചര്യമാണ് ദേവാലയസ്ഥാപനത്തിലൂടെ കൈവന്നിരിക്കുന്നത്. താമ്പായിലെ മറ്റൊരു സീറോമലബാർ സമൂഹമായ സെന്റ് ജോസഫ് മിഷന്റെ പേരിൽ നിങ്ങളേവരേയും പ്രത്യേകം അഭിനന്ദിക്കുന്നു. ഞങ്ങളെപ്പോഴും നിങ്ങളേവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. നിങ്ങളും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമല്ലൊ.

**ഫാ. ജോർജ് മാളിയേക്കൽ**

ഇസ്രായേൽ അബിമെലേക്കുമായി യുദ്ധം ചെയ്തപ്പോൾ മോശ ദൈവത്തോട് കൈകൾ ഉയർത്തി പ്രാർത്ഥിച്ചു. എപ്പോഴൊക്കെ മോശയുടെ കൈകൾ താന്നുവോ അപ്പോഴൊക്കെ ഇസ്രായേൽ പരാജിതരായി അഹറോൻ ഒരു വിദ്യകണ്ടുപിടിച്ചു ഒരു വലിയ കല്ലുരുട്ടി വച്ചു. എന്നിട്ട് മോശയെ കല്ലിന്റെ മുകളിലിരുത്തി ഒരുകൈ അഹറോനും മറ്റേകൈ ഹൂറും ഉയർത്തി പിടിച്ചു. അങ്ങനെ അബിമെലേക്കുമായി യുദ്ധം ജയിക്കാൻ ഇസ്രായേൽ ജനത്തിനു സാധിച്ചു. വൈദീകരുടെ ബലഹീനതകൊണ്ട് കൈ താഴുമ്പോൾ ദയവായി ആ കൈ വെട്ടരുത്. അഹറോനെയും ഹൂറിനെയുംപോലെ പുരോഹിതരുടെ കൈയ്ക്കു ശക്തി നൽകുവാനുള്ള വലിയ ഉത്തരവാദിത്വമാണ് നിങ്ങളോരോരുത്തർക്കുമുള്ളത്. ഇത്രമനോഹരമായ ദേവാലയം ഇവിടെ വാങ്ങിക്കുവാൻ സാധിച്ചതിൽ വലിയ സന്തോഷമുണ്ട്. നിങ്ങളേവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.



**ഫാ. ഫിലിപ് മരുതുക്കണ്ടത്തിൽ**



## MESSAGE FROM VICAR GENERAL

ലത്തീൻ പള്ളികൾ സുലഭമായുള്ളപ്പോൾ വളരെ പണം മുടക്കി എന്തിനാണ് സീറോ മലബാർ മിഷനും പള്ളിയും എന്നു ചോദിച്ചിരുന്ന കാലഘട്ടത്തിൽ നിന്ന്, ക്നാനായ പൈതൃകത്തിന്റെ അടിസ്ഥാനമായ ക്നാനായ ദേവാലയം സാക്ഷാത്കരിക്കുവാൻ കഴിഞ്ഞ താമ്പായിലെ എന്റെ പ്രിയ ക്നാനായ സഹോദരങ്ങൾക്ക്

ആയിരമായിരം ആശംസകൾ!

താമ്പായിൽ ക്നാനായ മിഷൻ തുടങ്ങുവാൻ സൗകര്യമൊരുക്കിതന്ന ജോമി ചെറുകരയുടെ നേതൃത്വത്തിലുള്ള സംഘടനാ ഭാരവാഹികളെ നന്ദിയോടെ സ്മരിക്കുന്നു.പള്ളിയ്ക്കുവേണ്ടി അക്ഷീണം യത്നിച്ച മിഷൻ ഡയറക്ടർ ഫാ.എബി വടക്കേക്കരയ്ക്കും, ഏറെ ത്യാഗപൂർവ്വം പ്രവർത്തിച്ച ജിമ്മി കാവിലിന്റെ നേതൃത്വത്തിലുള്ള മിഷൻ കമ്മറ്റിക്കാർക്കും അനുമോദനവും ദൈവാനുഗ്രഹവും നേരുന്നു.ഈ പള്ളി താമ്പായിലെ ക്നാനായ സമൂഹത്തിന് വലിയ ദൈവകൃപയുടെ ശ്രോതസ്സായിരിക്കും എന്നത് ഉറപ്പാണ്. അതിനായി അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് ദൈവസന്നിധിയിൽ എല്ലാ ക്നാനായ മക്കളും ഒന്നുചേരുവാൻ ഇടയാകട്ടെ.

*Sacred Heart Knanaya Catholic Mission Tampa, Florida*

## പുരോഹിതവർഷ ചിന്തകൾ



ഈശോ ലോകത്തിലേക്കു വന്നത് ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹം വെളിപ്പെടുത്തുവാനാണ്. ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹസമ്മാനമായിരുന്നല്ലോ

ഈശോമിശിഹാ. ഈശോയുടെ ജീവിതം മുഴുവൻ ദൈവത്തിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തലായിരുന്നു. അതിന്റെ പൂർത്തികരണമായിരുന്നു ഈശോയുടെ പീഡാനുഭവവും, മരണവും, ഉത്ഥാനവും .അതുകൊണ്ടാണ് ഈശോ അവസാനം വരെ സ്നേഹിച്ചു എന്ന് യോഹന്നാൻ പറയുന്നത്. തന്റെ ശത്രുക്കളോടു പോലും കുരിശ്ശിൽ കിടന്നുകൊണ്ട് ക്ഷമിച്ചു സ്നേഹിക്കുന്ന ഈശോയെയാണ് നാം കാണുന്നത്. (ലൂക്കാ.23,24). ഈശോയുടെ ഈ സ്നേഹമാണ് ഈശോയുടെ പുരോഹിതന്മാരുടെ മുഖമുദ്രയാവേണ്ടത്. എല്ലാം ക്ഷമിച്ച് മറന്ന് അകമഴിഞ്ഞ് തന്റെ അജഗണങ്ങളെ സ്നേഹിക്കുന്ന അജപാലനസ്നേഹമാണ് പുരോഹിതർ കർമ്മമണ്ഡലത്തിൽ പ്രാവർത്തികമാക്കേണ്ടത്.

ഫാ.മാത്യു വെള്ളാനിക്കൽ

കടപ്പാട്ട് ദീപനാളം.

## നമുക്കുവേണം കുറെ സ്വപ്നങ്ങൾ

നമ്മുടെ സ്വപ്ന സാക്ഷാത്കാരമായിരുന്ന ദേവാലയം സാധ്യമായതിന്റെ സന്തോഷത്തിലാണ് നാമെല്ലാം. ഒരു വർഷവും ഏതാനും മാസങ്ങളും മാത്രം പ്രായമുള്ള നമ്മുടെ മിഷന് ഈ ചുരുങ്ങിയ കാലം കൊണ്ട് സ്വന്തമായൊരു ദേവാലയം ഉണ്ടായത് നിസ്സാര കാര്യമല്ല. എല്ലാവരുടേയും ഒത്തൊരുമിച്ചുള്ള പ്രയത്നവും നല്ല ശതമാനം ആളുകളുടെ അളവറ്റ സഹായവുമാണ് ഇങ്ങനെ ഒരു പ്രോജക്റ്റ് ഇത്രയും വേഗം സാക്ഷാത്കൃതമായത്.



ഇനി താമ്പായിലെ ക്നാനായ സമൂഹത്തിന്റെ ചരിത്രം വേറൊന്നായി മാറണം. ദേവാലയം കേന്ദ്രീകൃതമായി വളർന്ന സമൂഹമാണ് നമ്മുടേത്. നമ്മുടെ ഈ ദേവാലയം കേന്ദ്രീകരിച്ചാവണം ഇനി നമ്മുടെ വളർച്ച. എല്ലാ ദിവസവും പ്രത്യേകിച്ച് എല്ലാ ഞായറാഴ്ചയും താമ്പായിലെ ക്നാനായക്കാർ ഭൂരിഭാഗവും നമ്മുടെ ദേവാലയത്തിൽ കൂടുമ്പോൾ നമ്മുടെ ആളുകളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ബോധവൽക്കരണ സെമിനാറുകൾ,ചർച്ചാക്ലാസ്സുകൾ, ഇവയൊക്കെ നമുക്കു പ്ലാൻ ചെയ്തു നടപ്പിലാക്കുവാൻ സാധിക്കും. ദൈവാനുഗ്രഹത്താൽ കുട്ടികൾക്കും മുതിർന്നവർക്കും വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുവാൻ പ്രാപ്തമായ സൗകര്യങ്ങൾ നമ്മുടെ ദേവാലയത്തിനോടനുബന്ധിച്ചുണ്ട്. നമ്മുടെ ദേവാലയത്തിനോടു ചേർന്നുള്ള ഒരു മേഡുലർ ഹോം കൺവെർട്ടുചെയ്തെടുത്താൽ ഒരു ചെറിയ ഹാളിൽ നടത്താൻ പറ്റിയ പല പരിപാടികളും അവിടെ നടത്താൻ സാധിക്കും.

ഇനി നമുക്കു വേണ്ടത് വരുന്ന അഞ്ചുവർഷത്തേക്ക് നമ്മുടെ മിഷനെ വളർത്തുവാനുള്ള ക്രിയാത്മകമായ പരിപാടികൾ ആസൂത്രണം ചെയ്യുകയാണ്. നമ്മുടെ ദേവാലയത്തിന് വികസനത്തിനുള്ള എല്ലാ സാദ്ധ്യതകളും ഉണ്ട് . അത് പൊതു സമ്മതത്തോടെ വർക്ക്ഔട്ട് ചെയ്യുകയാണെങ്കിൽ നമ്മുടെ ദേവാലയം അമേരിക്കയിലെ തന്നെ ഒരു മോഡൽ ദേവാലയമാക്കി മാറ്റി എടുക്കുവാൻ സാധിക്കുമെന്നാണ് എന്റെ പ്രതീക്ഷ അതിനായി ജഗദീശൻ നമ്മെ അനുഗ്രഹിക്കട്ടെ.

**ബേബി വാഴപ്പള്ളിൽ**





## നോമ്പുകാല ചിന്തകൾ

## കുരിശിന്റെ മഹത്വവും ലക്ഷ്യവും മനസിലാക്കേണ്ട കാലം

വിംബിൾഡൺ ജേതാവായ ആർതർ ആഷെയുടെ ജീവിതത്തിലുണ്ടായ ദുരന്തം പലരും കേട്ടിട്ടുണ്ട ാവും. 1983 ൽ ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായ അദ്ദേഹത്തിന് ലഭിച്ച രക്തത്തിലൂടെ അദ്ദേഹത്തിനു എയ്ഡ്സ് രോഗം ബാധിച്ചു. ലോകത്തെമ്പാടുമുള്ള ആരാധകർ അദ്ദേഹത്തോട് സഹതാപം പ്രകടിപ്പിച്ചുകൊ ണ്ട് അയച്ച മിക്കവാറും സന്ദേശങ്ങളിൽ ഇങ്ങനെ ഒരു സന്ദേഹമുണ്ടായിരുന്നു. ദൈവം എന്തേ അങ്ങയോട് ഇങ്ങനെ പെരുമാറുന്നു? അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു:

ലോകത്തിൽ അഞ്ചു കോടി കുട്ടികളെങ്കിലും ടെന്നീസ് കളിക്കുന്നു. അതിൽ അഞ്ചു ശതമാനമാണ് കളിയിൽ പിടിച്ചുനിൽക്കുക. അവരിൽ 10 ശതമാനം, അതായത് 50,000 പേരാണ് മത്സരരംഗത്തെത്തുക. അത ിലും 10 ശതമാനമാണ് ഒന്നാംകിട മത്സരങ്ങളിൽ എത്തുക. അതിൽ 10 ശതമാനത്തിനാണ് വൻകിട മത്സരങ്ങൾക്കവസരം കിട്ടുക. ആ അഞ്ഞൂറിൽ അമ്പതു പേർക്കാണ് വിംബിൾഡൺ പോലുള്ള മത്സരങ്ങളിൽ പങ്കെടുക്കാനാവുക. അവരിൽ രണ്ട ാളാണ് ഫൈനലിലെത്തുക. അതിൽ ഒരാളാണ് വിജയിക്കുക. ഈ കടമ്പകളെല്ലാം കടന്ന് പലവട്ടം ഞാൻ കിരീടം നേടിയപ്പോൾ എന്തേ ദൈവം ഇങ്ങനെ ചെയ്യുന്നു എന്ന് ആരും എന്നോടു ചോദിച്ചില്ല? അതുകൊണ്ട് ഇപ്പോഴും എന്തേ ദൈവം എന്നെ ഇതിനായി തെരഞ്ഞെടുത്തു എന്ന് ഞാൻ തിരക്കുന്നില്ല. ദൈവത്തിന്റെ വഴികൾ നിഗൂഢമാണ്. വിജയമായാലും പ രാജയമായാലും അവിടുന്നു നന്മയ്ക്കായി പരിണമിപ്പിക്കുന്നു.



ജീവിതത്തിന്റെ മഹാപ്രതിസന്ധിക്കു മുന്നിൽ മഹാനായ ഒരു ടെന്നീസ് താരം നടത്തിയ വിശ്വാസ പ്രഖ്യാപനം, കുരിശിന്റെ മഹത്വം അനുസ്മരിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്ന നോമ്പു കാലത്ത് കുരിശുകളോടുള്ള നമ്മുടെ സമീപനത്തെ നേർവഴിക്കു നയിക്കേണ്ടതാണ്.




ഒരു കടങ്കഥയുണ്ട്. ആർക്കും വേണ്ടാത്തതും എന്നാൽ എല്ലാവർക്കും കിട്ടുന്നതുമായ ഒന്ന് ഏത്? കുരിശെന്നാണ് ഉത്തരം. കേട്ടത് ഇതാണോ!! ഒരു ക്രൈസ്തവനു കുരിശിനോടുണ്ടാകേണ്ട സമീപനം? ഏതു കാഴ്ചപ്പാടിൽ നാം കുരിശിനെ നോക്കും എന്നതനുസരിച്ചാണ് ഇതിനുത്തരം കിട്ടുക. പൗലോസ്ശ്ലീഹാ പറയുന്നു: 'നാശത്തിലൂടെ സഞ്ചരിക്കുന്നവർക്ക് കുരിശ് ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്നവർക്ക് അത് രക്ഷയുടെ അടയാളവും'' (1 കൊറി.1.18–23).

മാനുഷിക വേദനയുടെ പരമകോടിയാണത്. ജീവിതത്തിലെ സംഘർഷങ്ങളെയും അസൗകര്യങ്ങളെയും നാം കുരിശായി ചിത്രീകരിക്കുന്നു. മദ്യപ ാനിയായ ഭർത്താവും കുറ്റംപറയുന്ന ഭാര്യയും എല്ലാം കുരിശാണ്. പറുദീസയിൽ അത് ശിക്ഷയുടെ അടയാളമായെങ്കിൽ കാൽവരിയിൽ അതു രക്ഷയുടെ അടയാളമായി. കുരിശു വഹിക്കാതെ ആർക്കും യേശ ുവിന്റെ ശിഷ്യനായി തീരാനാകില്ല. കാൽവരിയിൽ കുരിശിലൂടെ രക്ഷ നേടിയവരെയും നശിക്കുകയും ചെയ്യുന്നവരെ നാം കാണുന്നു. കാൽവരിയിൽ യേശുവിന് ഒപ്പം മരിച്ച രണ്ടുകള്ളന്മാർ തന്നെ ഉദാഹരണങ്ങൾ.

ജിവതത്തിൽ കുരിശുകൾ വരുമ്പോൾ നല്ല കള്ളനെപ്പോലെ അവയെ രക്ഷയുടെ ഉപാ ധിയാക്കുന്നവരും മറ്റേക്കള്ളനെപ്പോലെ നിരാശപ്പെട്ടു ദൈവത്തെ ശപിക്കുന്നവരും നമുക്കു ചുറ്റുമുണ്ട്. മാർട്ടിൻ ലൂഥർ കിംഗ് കുരിശിനെ ദൈവസ്നേഹത്തിന്റെ ഭൂതക്കണ്ണാടി എന്നു വിളിക്കുന്നു. ആകാശത്തിലെ നക്ഷത്രങ്ങളെ തിരിച്ചറിയാൻ ഭൂതക്കണ്ണാടി നമ്മെ സഹായിക്കുന്നു. അതുപോലെ നമ്മുടെ കുരിശുകളെ തിരിച്ചറിയുവാൻ കാൽവരിക്കുരിശ് നമ്മെ സഹായിക്കുന്നു.

യേശുവിന്റെ കുരിശിനും ഭാരമുണ്ട്. എന്നാൽ സന്തോഷത്തോടും സ്നേഹത്തോടും കൂടി കുരിശിനെ സ്വാഗതം ചെയ്യുന്ന യേശുവിന്റെ ശിഷ്യർക്കെല്ലാം ഈ ഭാരം ലഘുവായും നുകം മധുരമായും അനുഭവപ്പെടുന്നു.

**ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം**
**ലത്തീൻ അതിരൂപത, തിരുവനന്തപുരം**

# *Sacred Heart Knanaya Catholic Mission Tampa, Florida*

## Photo Feature of the Thanksgiving Mass on March 16th



## ചിന്താശകലം

**27–ാംസങ്കീർത്തനത്തിൽ നാം ഇപ്രകാരം വായിക്കുന്നു.**

**“ഒരു കാര്യം ഞാൻ കർത്താവിനോടപേക്ഷിക്കുന്നു.ഒരു കാര്യം മാത്രം ഞാൻ തേടുന്നു. കർത്താവിന്റെ മാധുര്യം ആസ്വദിക്കുവാനും കർത്താവിന്റെ ആലയത്തിൽ അവിടുത്തെ ഹിതം ആരായാനും വേണ്ടി ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാൻ തന്നെ”**

*ദൈവത്തിനല്ലാതെ ദൈവാനുഭവത്തിനല്ലാതെ മറ്റൊരു വസ്തുവിനും മനുഷ്യ ഹൃദയത്തെ സംതൃപ്ത നാക്കാൻ സാധിക്കുകയില്ല. ആത്മീയതയുടെ നീരുറവയാണ് ദേവാലയങ്ങൾ. താമ്പായി ലെക്നാനായകാർക്ക് ആത്മീയതയുടെ ഈ നീരുറവ സ്വന്തം പടിവാതിൽ ക്കലെത്തിയിരിക്കുകയാണ്. സാഹോദര്യത്തിന്റെയും,സ്വാന്ത്വനത്തിന്റെയും ഇളംതെന്നലാകുവാൻ നമ്മുടെ ദേവാലയത്തിനാകട്ടെ...*

## CHURCH NOTICES

1. The celebration of the palm Sunday will be on 28th march at 10.00AM. we will have a procession with the palm leaves. There will be only one mass that day so every body please be on time for mass at 10AM.

2. There will be a meeting of all the koodarayogam representatives and the church committee on 28th immediately after the mass.

3. We are planning to start Malayalam class at the church on Sundays at 3PM. We will be having two classes based on their proficiency in the language. We will be having a nominal fees for the class to cover the teaching aid materials and other expenses. We are planning to have a meeting of the parents wishing to enroll their children on 21st immediately after the English mass.

4. The schedule of the retreat and the holy week is as follows

   Wednesday 31st March 6PM Mass followed by retreat talk

   Holy Thursday 1st APRIL 2PM Talk followed by Mass

   Good Friday at 10AM Talk followed by Good Friday Commemoration

   Holy Saturday at 10AM Holy Saturday Commemoration followed by Retreat Talk

   Easter Mass at 5PM on Saturday

5. Easter Celebration will be organized by the Association at 7.30 PM at the community center . I encourage everyone to attend the celebration.

6. On all the retreat days there will be sessions for children and youth and the retreat will be preached by Fr. Abraham Vettuvelil Who is experienced in conducting classes for youth .

7. **Trip to Rome** Sacred Heart Knanaya catholic mission is planning to organize a pilgrimage to Rome in October or November . if you have plans to go on this pilgrimage please contact Abeyachen or Abraham Kalladathil . We are still working out details about the dates and charges. Probably we will be able to give more details about the trip in the next bulletin .

## സീറോമലബാർ സഭാ പഞ്ചാംഗം

**മാർച്ച് 25 വ്യാഴം മംഗളവാർത്തത്തിരുനാൾ**
ശ്ലീഹ നട 1:1-14 പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുക.
ലൂക്കാ 1:26-38 മംഗളവാർത്ത

**മാർച്ച് 26 വെള്ളി**
റോമാ 15:1-13 ഐക്യത്തിന് ആഹ്വാനം
യോഹ 11:38-44 ലാസറിനെ ഉയിർപ്പിക്കുന്ന കർത്താവ്

**മാർച്ച് 27 ശനി**
റോമാ 15:1-6 സഹോദരനെ പ്രീതിപ്പെടുത്തുന്നു
യോഹ 12:1-8 ബഥാനിയായിലെ തൈലാഭിഷേകം.

**മാർച്ച് 28 ഞായർ + ഓശാന ഞായർ (നോമ്പ് ഏഴാം ഞായർ)**
ഉത്പ 49:8-12,22-26 യാക്കോബ് യൂദായെ അനുഗ്രഹിക്കുന്നു
സഖ 9:9-12 കഴുതയുടെ പുറത്ത് സമാധാനരാജൻ.
റോമാ 11:13-24 ജാതികളോട് വീണ്ടും ഒട്ടിച്ചേർക്കപ്പെടുന്നു.
മത്താ 21:1-17 ഈശോയുടെ ജറുസലേം പ്രവേശനം

**മാർച്ച് 29 തിങ്കൾ**
ഉത്പ 37:1-22 ജോസഫിന്റെ സ്വപ്നം
ഹെബ്രാ 1:5-14 ദൂതന്മാരെക്കാൾ ശ്രേഷ്ഠനായ ഈശോ
യോഹ 11:45-57 ഈശോയെ വധിക്കുവാൻ ആലോചന.

**മാർച്ച് 30 ചൊവ്വ**
ഉത്പ 37:23-36 ജോസഫിനെ വിൽക്കുന്ന സഹോദരന്മാർ
ഹെബ്രാ 5:1-10 കാരുണ്യവാനായ പ്രധാന പുരോഹിതൻ
യോഹ 12:20-26 ഗോതമ്പുമണി നിലത്തുവീണഴിയണം

**മാർച്ച് 31 ബുധൻ**
ഉത്പ 40:1-23 ജോസഫ് സ്വപ്നം വ്യാഖ്യാനിക്കുന്നു
ഹെബ്രാ 9:15-28 രക്തത്താൽ മുദ്രിതമായ പുതിയ ഉടമ്പടി
യോഹ 13:1-17 ശിഷ്യരുടെ പാദം കഴുകുന്ന ഈശോ

**ഏപ്രിൽ 1 പെസഹാവ്യാഴം**
പുറ 12:1-20 യഹൂദരുടെ പെസഹാ ആചരണം
1 കോറി 11:23-25 തിരുവത്താഴം
മത്താ 26:1-5,14-30 പുതിയ ഉടമ്പടി

**ഏപ്രിൽ 2 പീഡാനുഭവ വെള്ളി -**
**ഇന്ന് ഉപവാസം, മാംസവർജ്ജനം**
ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ചരമം (2005)
(വിശുദ്ധ നാട് സംരക്ഷണ ഫണ്ട്)
ദാനി 9:20-27 പാപങ്ങൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുക
ഗലാ 2:17-3:14 നീതീകരണം വിശ്വാസം വഴി
ലൂക്കാ 22:63-23:12+മത്താ 27:19+ലൂക്കാ 23:13-23+മത്താ 27:24-25+ലൂക്കാ23:24-45+മത്താ27:51-54+യോഹ 19:23-42

**ഏപ്രിൽ 3 വലിയ ശനി**
യോനാ 2:1-10 മൂന്നു രാപകലുകൾ യോനാ മത്സ്യത്തിന്റെ ഉദരത്തിൽ
1 കോറി 1:18-31 കുരിശിന്റെ ഭോഷത്തം
മത്താ 27:62-66 ഈശോയുടെ കല്ലറയ്ക്കു കാവൽ

**ഏപ്രിൽ 4 ഉയിർപ്പു തിരുനാൾ ഉയിർപ്പ് ഒന്നാം ഞായർ**
ഏശയ്യാ 60:1-7 കർത്താവിന്റെ മഹത്വം ജറുസലെമിൽ
1 സാമുവൽ 2:1-10 കർത്താവിൽ ആനന്ദിക്കുവിൻ.
റോമാ 5:20-6:23 മിശിഹായിൽ നവജീവിതം
മത്താ 28:1-20 ഈശോയുടെ ഉത്ഥാനം.


*Do you or a loved one Snore? Sleepy during the day time?*
*Pause Breathing during sleep? Tired all the time?*




SLEEP ASSOCIATES OF FLORIDA
Diagnostic & Treatment Center
for Sleep Disorders
*Accredited by: The Joint Commission (JCAHO)*
1-877-SLEEP-20 OR (813-377-2250)
Most Insurances accepted!



**LAZAAR ASSOCIATES, LLC**
Certified Public Accountants

Jose L. Alookaran, FCA., CGA., CPA., MBA/ACC.,
Tax, Audit & Accounting Consultant

1338 Hatcher Loop Drive,
Brandon, FL- 33511-9370

Phone : (813) 571-3358
e-mail : a.jose.lazar@gmail.com



**knanayavoice.com**
Voice of the knanaya people around the world
For
Live & Recorded Videos
latest News Updates
Knanaya Community
And Much More....
847 791 1824
Fax : 773 751 2274 news@knanayavoice.com



**KP ACCOUNTING & TAX SERVICE**
(FRANCHISE: JACKSON HEWITT TAX SERVICE)



Kishore Peter, CPA, MSAC
(Former IRS Agent)

*For a free tax consultation*
*Contact: Kishore Peter @*
*(352)584-2524.*
**email : kptaxes@gmail.com**
**Office : (813)780-9878 / 780-9879**
**Fax: (813) 322-3467**
*Office open late during tax season*

*For all your tax & Accounting needs,*
***Visit our office located at***
***5720 Gall Blvd, Zephyrhills, Fl 33542***
***We specialize in small business book keeping, payroll and tax preparation.***
CPA
America Counts on CPAs